നഗരങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

15 (*705) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നഗരങ്ങളിൽ ബൃഹത്തായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എവിടെയൊക്കെയാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലും പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ജെ.എൻ.എൻ.യു.ആർ.എം. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലും എ.ഡി.ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.യു.ഡി.പി. പദ്ധതിയിലും ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മലിനജലം സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുക, പുതിയ മലിനജലവാഹക ശൃംഖലകൾ സ്ഥാപിക്കുക, നിലവിലുള്ള വാഹക ശൃംഖലകൾ പുനരുദ്ധരിക്കുക, പുതിയ പമ്പ് ഹൗസുകൾ സ്ഥാപിക്കുക, പഴയ പമ്പ് ഹൗസുകൾ പുനരുദ്ധരിക്കുക, മാൻഹോളുകൾ റിപ്പയർ ചെയ്യുക, വാഹക കുഴലുകൾ വൃത്തിയാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുക തുടങ്ങിയവയാണ് പദ്ധതി നടത്തിപ്പിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ.

(സി) തിരുവനന്തപുരം നഗരത്തിലെ മുട്ടത്തറയിൽ 107 ദശലക്ഷം ലിറ്റർ പ്രതിദിനസംസ്കരണ ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ യഥാക്രമം 12,12,13.5 ദശലക്ഷം ലിറ്റർ സംസ്കരണ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly